(സി) താല്ക്കാലിക കണക്ക് പ്രകാരം 2010 ഡിസംബർ 31-വരെ സംസ്ഥാനത്തിന്റെ കടബാദ്ധ്യത 74298 കോടി രൂപയാണ്.

(ഡി) ഉണ്ട്.

ക്രമ നമ്പർ	ഏജൻസി	വായ്പയായി സ്വീകരിച്ച തുക (31-1-2011-വരെ) (രൂപ കോടിയിൽ)
1.	JICA(കേരള വാട്ടർ സപ്ലൈ പ്രോജക്ട്)	95.68
2.	ലോക ബാങ്ക്(കെ.എസ്.റ്റി.പി.)	105.01
3.	ലോക ബാങ്ക് നാഷണൽ ഹൈഡ്രോളജി പ്രോജക്ട്	2.44
4.	എ.ഡി.ബി. (കെ.എസ്.യു.ഡി.പി.)	75.61
5.	നബാർഡ് ആർ.ഐ.ഡി.എഫ്. (വിവിധ പ്രോജക്ടുകൾ)	183.60

(ഇ) താല്ക്കാലിക കണക്കനുസരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 2010 ഡിസംബർ 31-വരെ പദ്ധതി അടങ്കലിന്റെ 35 ശതമാനം തുക ചെലവഴിച്ചിട്ടുണ്ട്.

(എഫ്) ചില വകുപ്പുകൾക്ക് കഴിയുന്നില്ല. പദ്ധതിപ്പണം ചെലവാക്കുന്നതിനുള്ള ഭരണപരമായ നടപടിക്രമങ്ങൾ പൂർത്തിയാകുന്നതിനുള്ള കാലതാമസമാണ് സാമ്പത്തിക വർഷത്തിന്റെ അവസാനപാദത്തിൽ പദ്ധതിപ്പണം വർദ്ധിതമായി വിനിയോഗിക്കുന്നതിനിടയാക്കുന്നത്.

വാർഷിക പദ്ധതിയിൽ ചെലവഴിക്കാത്ത തുക

158 (172) ശ്രീ. എൻ. ശക്തൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. ജോർജ് മേഴ്സിയർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സാമ്പത്തിക വർഷം അവസാനിച്ചപ്പോൾ വാർഷിക പദ്ധതിയുടെ എത്ര ശതമാനം തുക പാഴായിട്ടുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത് ;

(ബി) ഇതുസംബന്ധിച്ച ആസൂത്രണ കമ്മീഷന്റെ വിലയിരുത്തലിൽ എത്ര കോടി രൂപ പാഴായി എന്നാണ് കണ്ടെത്തിയിരുന്നത് ;

(സി) ഇങ്ങനെ പാഴായതായി പറയുന്ന തുക ഏതെല്ലാം വകുപ്പുകളുടെ ഏതൊക്കെ പ്രവൃത്തികളുടേതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾപ്രകാരം കഴിഞ്ഞ സാമ്പത്തികവർഷം (2009-10) അവസാനിച്ചപ്പോൾ വാർഷിക പദ്ധതിയായ 8920 കോടി രൂപയുടെ 93.31 ശതമാനം വിവിധ പദ്ധതികൾക്കായി ചെലവഴിച്ചിട്ടുണ്ട്. വാർഷിക പദ്ധതി അടങ്കലിന്റെ 6.69 ശതമാനം വിനിയോഗിക്കപ്പെട്ടിട്ടില്ല.

(ബി) ഇത് സംബന്ധിച്ച് ആസൂത്രണ കമ്മീഷനിൽനിന്നും അറിയിപ്പൊന്നുംതന്നെ സർക്കാരിന് ലഭിച്ചിട്ടില്ല.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വൈദ്യുതി ബോർഡ്, ജലസേചനം, മണ്ണ് സംരക്ഷണം തുടങ്ങിയ മേഖലകളിലാണ് വാർഷിക പദ്ധതി അടങ്കൽ പൂർണ്ണമായി വിനിയോഗിക്കാതിരുന്നത്.

പദ്ധതി ചെലവുകളിലെ കാലതാമസം ഒഴിവാക്കുന്നതിന് രൂപീകരിച്ച കർമ്മ സമിതിയുടെ പ്രവർത്തനങ്ങൾ

159 (173) ശ്രീ. വർക്കല കഹാർ :
ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടപ്പിലാക്കുന്ന വികസനപ്രവർത്തനങ്ങളുടെ പദ്ധതി ചെലവിലെ കാലതാമസം ഒഴിവാക്കാൻ രൂപീകരിച്ച കർമ്മസമിതിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) പ്രസ്തുത കർമ്മ സമിതിയുടെ പ്രവർത്തനം ആരംഭിച്ചത് എന്നുമുതലാണ് ;

(സി) പദ്ധതിച്ചെലവുകളിലെ കാലതാമസം ഒഴിവാക്കുന്നതിന് എന്തൊക്കെ ഇടപെടൽ നടത്താനാണ് ഈ പ്രത്യേക കർമ്മസമിതിക്ക് കഴിഞ്ഞിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇതുവരെയുള്ള പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ ഈ കർമ്മ സമിതിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുവാൻ ഇനിയും എന്തൊക്കെ നടപടികൾ വേണമെന്നാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 3 കോടി രൂപവരെ അടങ്കലുള്ള പദ്ധതികൾക്ക് ഭരണാനുമതി നൽകാനുള്ള അധികാരം വകുപ്പുതല കർമ്മസമിതികൾക്കും അതിൽ കവിഞ്ഞ അടങ്കലുള്ള പദ്ധതികൾക്ക് ഭരണാനുമതി നൽകാനുള്ള അധികാരം സംസ്ഥാനതല പ്രത്യേക കർമ്മസമിതിക്കുമാണ്. എല്ലാമാസവും ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടുന്ന വകുപ്പുസെക്രട്ടറിമാരുടെ അവലോകന യോഗത്തിൽ പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിലും പദ്ധതിനടത്തിപ്പിലുമുള്ള പുരോഗതി വിലയിരുത്തിവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly